കേരള സോപ്സിന്റെ പുനഃസംഘടന

135 [2613] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കേരള സോപ്സ് ഉല്പാദനം നിർത്തിവച്ചിട്ട് എത്ര കാല മായി എന്ന് വ്യക്തമാക്കാമോ; കമ്പനിയിൽ ലേ ഓഫോ ലോക്കൗട്ടോ ക്ലോഷറോ എന്താണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ

(ബി) തൊഴിലാളികൾക്ക് അറ്റൻഡൻസ് രേഖപ്പെടുത്താൻ ഉണ്ടായിരുന്ന സംവിധാനം നിർത്തൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു പൊതുമേഖലാ സ്ഥാപനത്തിലെ ഇത്തരം നടപടികളെപ്പറ്റിയുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ;

(ഡി) കേരളാ സോപ്സിന്റെ പുനഃസംഘടനയ്ക്കുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളാ സോപ്സിന്റെ രക്ഷയ്ക്കായി എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ എന്ന് വെളി പെടുത്തുമോ;

(എഫ്) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ജി) കേരളാ സോപ്സിന്റെ അധീനതയിൽ നിലവിൽ എത്ര ഏക്കർ സ്ഥല മുണ്ട്; ഈ സ്ഥലം തുച്ഛമായ വിലയ്ക്ക് കൈക്കലാക്കാൻ ചില സ്വകാര്യ വ്യക്തികൾ ശ്രമങ്ങൾ നടത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഉല്പാദനം നിലച്ചതിനുശേഷം തൊഴിലാളികൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യ മാക്കുമോ?

ഉത്തരം

(എ) കോഴിക്കോട്ടെ കേരളാ സോപ്സ് ആന്റ് ഓയിൽസ് കമ്പനിയിൽ 30-6-2001 മുതൽ ഉല്പാദനം നിലച്ചിരിക്കുകയാണ്. എന്നാൽ കമ്പനി ലേ ഓഫോ ലോക്കൗട്ടോ പ്രഖ്യാപിച്ചിട്ടില്ല.

(ബി—ഡി) കമ്പനി പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഇ.ആർ.സി.-യുടെ ശുപാർശപ്രകാരം കമ്പനി അടച്ചുപൂട്ടാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ആവശ്യ ങ്ങൾക്കായി 616 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 22 കോടി രൂപ ഈ സ്ഥാപന ത്തിന്റെ പുനരുദ്ധാരണത്തിനായി നൽകിയിട്ടുണ്ട്.

(ജി) കേരളാ സോപ്സിന്റെ അധീനതയിൽ പതിനൊന്ന് ഏക്കർ സ്ഥലമുണ്ട്. ഈ സ്ഥലം ആരെങ്കിലും കൈക്കലാക്കാൻ ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഉല്പാദനം നിലച്ചതിനുശേഷം സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിന് 25 ലക്ഷം രൂപയും കമ്പനി സുരക്ഷിതത്വത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ സംവിധാനത്തിന് 10 ലക്ഷം രൂപയും മാസത്തിൽ ശമ്പളം നൽകുവാൻ 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള സോപ്സ് ആന്റ് ഓയിൽക്കമ്പനി തുറക്കുവാൻ നടപടി

136 [2614] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കേരള സോപ്സ് ആന്റ് ഓയിൽ കമ്പനി ഏറ്റവും ഒടുവിൽ ഉല്പാദന പ്രവർത്തനം നിർത്തി അടച്ചുപൂട്ടിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇവിടെ എത്ര തൊഴിലാളികൾ ജോലി ചെയ്തിരുന്നു;

(ബി) ഈ കമ്പനി തുറന്നു പ്രവർത്തിക്കുവാൻ ഏതെങ്കിലും സ്ഥാപനം ധനസഹായം അനുവദിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് സ്ഥാപനം; എന്ത് തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്പനി തുറക്കാൻ സർക്കാർ ഏതെങ്കിലും നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കമ്പനിയുടെ അധീനതയിലുള്ള സ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്നതിനായി ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 30-6-2001 മുതൽ കേരള സോപ്സ് ആന്റ് ഓയിൽസിലെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഇവിടെ 240 തൊഴിലാളികൾ ജോലി ചെയ്തിരുന്നു.

(ബി) കമ്പനി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ഒരു സ്ഥാപനവും ധനസഹായം അനുവദിച്ചിട്ടില്ല.

(സി) കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ ഇ.ആർ.സി.-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്പനി അടച്ചുപൂട്ടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഇത്തരത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

കോട്ട പ്രഭുറാം മില്ലിന്റെ നവീകരണം

137 [2616] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിലെ കോട്ട പ്രഭുറാം മില്ലിന്റെ നവീകരണത്തിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly